"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരാശയം (OLOI) പദ്ധതി - നൂതനാശയങ്ങൾ ഉൾക്കൊള്ളുന്ന പ്രോജക്ടുകളുടെ വെറ്റിംഗ് /പരിശോധന നടത്തുന്നതിനായി ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2635/2025/LSGD തീയതി,തിരുവനന്തപുരം, 02-11-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. കെഡിസ്ക് മെമ്പർ സെക്രട്ടറിയുടെ 18.02.2025ലെ 683/2025/KDISC നമ്പർ കത്ത്
4. സ.ഉ.(സാധാ)നം.76/2025/PLG&EA (DVPMT & INNOVATION); തീയതി 17.08.2025
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 22.10.2025-നു നടന്ന യോഗത്തിന്റെ തീരുമാനം 2.1 ഖണ്ഡിക 4.6

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഇന്നൊവേഷൻ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സുസ്ഥിരമായ ഒരു സംവിധാനം ലക്ഷ്യമിട്ടുകൊണ്ട് 'ഒരു തദ്ദേശ സ്വയംഭരണസ്ഥാപനം ഒരാശയം' (OLOI) എന്ന പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ നൂതനമായ ആശയങ്ങൾ, നവീന സാങ്കേതികവിദ്യകൾ, പുതിയ പ്രക്രിയകൾ, പുതിയ നിർവഹണ രീതികൾ, പുതിയ പങ്കാളിത്ത മാതൃകകൾ, പുതിയ മൂലധന നിക്ഷേപ രീതികൾ എന്നിവ അവലംബിച്ചു കൊണ്ടുള്ള നൂതന പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

2. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരാശയം (OLOI) പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 215 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വികസനപ്രശ്നങ്ങൾ നൂതനാശയ രൂപീകരണ പ്രക്രിയയിലൂടെ പരിഹാരം തേടുന്നതിനായി 'സുലേഖ' ഓൺലൈൻ പോർട്ടൽ സംവിധാനത്തിലൂടെ സമർപ്പിച്ചിട്ടുണ്ട്. പൈലറ്റ് ഘട്ടത്തിലേയ്ക്ക് നൂറോളം തദ്ദേശഭരണ സ്ഥാപനങ്ങൾ ഒൻപത് വിഷയമേഖലകളിലായി സമർപ്പിച്ച പ്രോജക്ടുകൾ അതത് വിഷയ മേഖലയിലെ അക്കാദമിക/ഗവേഷണ സ്ഥാപനങ്ങളായ ഐ.ഐ.ടി ബോംബെ, കുഫോസ്, കേരള ശാസ്ത്ര സാങ്കേതിക സർവകലാശാല, ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, ഡി.സി.എസ്. മാറ്റ് എന്നീ അക്കാദമിക ഗവേഷണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി നൂതനാശയ

രൂപീകരണ പ്രക്രിയ നടത്തി വിശദമായ പദ്ധതിരേഖകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുമുണ്ട്.

3. ഇപ്രകാരം തയ്യാറാക്കിയവയിൽ നിശ്ചിത പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് സർക്കാർ അംഗീകാരം ലഭ്യമാക്കണമെന്നും, മുൻ മാതൃകകൾ ഉണ്ടാകണമെന്നില്ലാത്ത ഈ നൂതന ആശയങ്ങളുടെ സാങ്കേതിക വിദ്യകളിൽ ബഹുഭൂരിപക്ഷവും സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സ്റ്റാർട്ടപ്പുകളുടെ സഹായത്തോടെ കണ്ടെത്തിയവയായതിനാൽ അവ നടപ്പിലാക്കുന്നതിനും അത്തരം സ്റ്റാർട്ടപ്പുകൾക്ക് മാത്രമേ സാധിക്കുകയുള്ളൂ എന്നും, പരാമർശം 1, 2 മാർഗ്ഗരേഖകളുടേയും നിലവിലുള്ള നിബന്ധനകളുടേയും അടിസ്ഥാനത്തിലുള്ള പരിശോധനകളും അംഗീകാര നടപടികളും ഇതിൽ പ്രയോഗികമല്ലാത്തതിനാൽ, OLOI പദ്ധതിയിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്ന നവീനാശയ പ്രോജക്ടുകൾ നടപ്പാക്കാനും തുക ചെലവഴിക്കാനും പരമ്പരാഗത നടപടികൾ ഒഴിവാക്കി ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകളുടെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ അനുമതി നൽകണമെന്നും കെഡിസ്ക് മെമ്പർ സെക്രട്ടറി പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെഡിസ്ക്- ന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന 'ഒരു തദ്ദേശ സ്വയംഭരണസ്ഥാപനം ഒരാശയം' (OLOI) പദ്ധതിക്കായി പരാമർശം ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ആശയ രൂപീകരണം, വിദഗ്ധ പരിശോധന, ഏജൻസി തെരഞ്ഞെടുപ്പ് മുതലായ പ്രക്രിയകൾ പൂർത്തിയാക്കി കെഡിസ്ക് മെമ്പർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകുന്ന പ്രോജക്ടുകളുടെ വെറ്റിംഗ്/പരിശോധന നടത്തുന്നതിനായി താഴെപ്പറയുന്ന തരത്തിൽ ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

| <u>OLOI പദ്ധതി പ്രകാരം K-Disc തയ്യാറാക്കി നൽകുന്ന പദ്ധതികൾ വെറ്റ് ചെയ്യുന്നതിനുള്ള സംസ്ഥാനതല കമ്മിറ്റി</u> | |
|---|---|
| 1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി | - ചെയർപേഴ്സൺ |
| 2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി 1 | - അംഗം |
| 3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ | - അംഗം |
| 4. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ | - അംഗം |
| 5. തദ്ദേശ സ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടർ | - അംഗം |
| 6. പ്രോജക്ടുമായി ബന്ധപ്പെട്ട വകുപ്പിന്റെ മേധാവി | - അംഗം |
| 7. OLOI പദ്ധതി പ്രകാരം തയ്യാറാക്കുന്ന പ്രോജക്ടുകൾ ഉൾപ്പെടുന്ന മേഖലയിലെ ഒരു വിദഗ്ധൻ | - അംഗം |
| 8. ചീഫ്, സംസ്ഥാന ആസൂത്രണബോർഡ് ഡി.പി. ഡിവിഷൻ | - കൺവീനർ |

5. മേൽപ്രകാരം രൂപീകരിക്കുന്ന സംസ്ഥാനതല കമ്മിറ്റിയുടെ അംഗീകാരമുള്ള പ്രോജക്ടുകൾ മറ്റു വെറ്റിംഗ് നടപടി കൂടാതെ നിർവ്വഹണം നടത്താവുന്നതാണ്. എന്നാൽ, ഈ പ്രോജക്ടുകൾ ഭൗതികമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനത്തിലെ നിർവ്വഹണ

ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
11. ചീഫ് ടൗൺ പ്ലാനർ
12. മെമ്പർ സെക്രട്ടറി, കെഡിസ്ക്
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
18. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
19. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
20. ഡയറക്ടർ ജനറൽ, കില
21. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
23. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 03-11-2025 11:46:16
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്